പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. 6756 — 12.07.2012- ൽ മറുപടിയ്ക്ക്

## കേരള ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ കേരള ദിനേശ് ബീഡി സംഘത്തിലെ തൊഴിലാളികൾ ഏതു പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെ ട്ടിട്ടുള്ളത്; | (എ) 16/11/2009-ലെ ജി.ഒ.(എം.എസ്)നമ്പർ 144/09/ഐഡി. പ്രകാരം അംഗീകരിച്ച റിലീഫ് പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) എത്ര തൊഴിലാളികൾക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുന്നത്; | (ബി) 2012 ജനുവരി മാസം വരെ 4901 തൊഴിലാളികൾക്കാണ് ഗുണം ലഭിച്ചത്. |
| (സി) എത്ര മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്; കുടിശ്ശിക തീർക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നും വ്യക്ത മാക്കുമോ; | (സി) 2012 ഫെബ്രുവരി മുതൽ ജൂൺ മാസംവരെയുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത കുടിശ്ശിക തീർക്കുന്നതിന് 98,67,142/- രൂപ വേണ്ടി വരും. |
| (ഡി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പെൻഷൻ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; | (ഡി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പെൻഷൻ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. |
| (ഇ) കണ്ണൂർ കേരള ദിനേശ് ബീഡി സംഘത്തിലെ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക തീർത്തു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ ? | (ഇ) 2012 ഫെബ്രുവരി മുതൽ ജൂൺ മാസം വരെ കുടിശ്ശികയായ പെൻഷൻ തുക അടിയന്തിരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ